നാം നമ്മെ നേരിടും നേരം

കവിതകൾ: കെ. ജി. എസ്

വായന: എൻ. അജയകുമാർ

നാം നമ്മെ നേരിട്ടും നേരം, കവിതകൾ
N. Ajayakumar, K. G. S.
(Malayalam: Article, Poem)

© 2020, N. Ajayakumar (article) & K. G. S. (poems)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Untitled by Mansour Ghandriz, a painting by Mansoor Ghandriz (1936–1966). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

നാം നമ്മെ നേരിടും നേരം 4

ആനന്ദൻ 8

അന്യാധീനം 9

പല പോസിലുള്ള ഫോട്ടോകൾ 10

ശ്രാവസ്തി 11

സഖാവ് ബലരാമന്റെ കൊലയാളി 12

ചിന്ത ഇന്ത്യ

ചിന്ത ഇന്ത്യ

ഡി.ആർ.ഡി.ഒ.യുടെ ചാന്ദ്രദൗത്യം ഓഗസ്റ്റിൽ

ഡി.ആർ.ഡി.ഒ.യുടെ ചന്ദ്രദൗത്യം ഓഗസ്റ്റിൽ ചന്ദ്രനിലേക്ക്

Kaplan-Meier estimate of the survival function

$$\hat{S}(t) = \prod_{t_i \leq t} \left(1 - \frac{d_i}{n_i}\right)$$

where d_i is the number of events at time t_i and n_i is the number of individuals at risk just before t_i. Greenwood's formula for the variance of $\hat{S}(t)$ is

$$\hat{V}(\hat{S}(t)) = \hat{S}(t)^2 \sum_{t_i \leq t} \frac{d_i}{n_i(n_i - d_i)}$$

Let $\hat{S}(t)$ be the Kaplan-Meier estimate of the survival function, $\hat{V}(\hat{S}(t))$ be Greenwood's formula for the variance of $\hat{S}(t)$, and $z_{\alpha/2}$ be the $(1-\alpha/2)$ quantile of the standard normal distribution. Then the Kaplan-Meier estimate of the cumulative hazard function is

$$\hat{H}(t) = -\log(\hat{S}(t))$$

and the Nelson-Aalen estimate of the cumulative hazard function is

$$\hat{H}(t) = \sum_{t_i \leq t} \frac{d_i}{n_i}$$

Greenwood's formula for the variance of $\hat{H}(t)$ is

$$\hat{V}(\hat{H}(t)) = \sum_{t_i \leq t} \frac{d_i}{n_i(n_i - d_i)}$$

The pointwise confidence interval for $\hat{S}(t)$ is

$$\left[\hat{S}(t) - z_{\alpha/2}\sqrt{\hat{V}(\hat{S}(t))},\ \hat{S}(t) + z_{\alpha/2}\sqrt{\hat{V}(\hat{S}(t))}\right]$$

The pointwise confidence interval for $\hat{H}(t)$ is

$$\left[\hat{H}(t) - z_{\alpha/2}\sqrt{\hat{V}(\hat{H}(t))},\ \hat{H}(t) + z_{\alpha/2}\sqrt{\hat{V}(\hat{H}(t))}\right]

ഗുരുവിന്റെ ഗുരുത്വം

ഗുരുവിന്റെ ഗുരുത്വം ഗുരുവിനെ ഗുരുവിനെ ഗുരുവിനെ

തെറ്റുതിരുത്തൽ വേണ്ടിവരാതെ

ഇന്ത്യൻ ഭരണഘടനയുടെ ഇരുപത്തിനാലാമത്തെ ഭേദഗതി ഇന്ത്യൻ ജനതയ്ക്കു കൊടുത്ത ഏറ്റവുമധികം ഗുണകരമായ ഭേദഗതിയാണ്. ഇന്ത്യൻ ജനതയ്ക്കു ഭരണഘടനയ്ക്കു കീഴിൽ ഏറ്റവുമധികം ഗുണകരമായ ഭേദഗതി. ഇന്ത്യൻ ഭരണഘടനയ്ക്കു ഭേദഗതി ആവശ്യമുണ്ടെന്നു ഭരണഘടനാ നിർമ്മാതാക്കൾക്കു തോന്നിയ ആദ്യത്തെ ഭേദഗതി.

ആനന്ദൻ

(ഇന്ത്യൻ കാരമസോവുകൾക്ക്)

ആനന്ദൻ,
നീ പിന്നെയും ഞങ്ങളുടെ
കോളണിയിലെത്തിയിരിക്കുന്നു.
ഇത്തവണ, ന്യൂയോർക്കോ
ബോംബെയോ വിട്ടുപോരുന്നു.
പണ്ടേപ്പൊലെ നിർവാസിതനായി,
മില്ലുകളും കമ്പനിഷെയറുകളും
യശോധരയ്ക്ക് കൂട്ടായിരിക്കട്ടെ എന്നു കരുതി.
വിചാരങ്ങളുടെ കാടുചുറ്റിക്കുന്ന പൊട്ടനെപ്പോലും
വെട്ടിച്ചെന്നു കരുതി
എന്തെങ്കിലും മറന്നോ എന്നോർമ്മിച്ച്
പിന്നെയും തിരിഞ്ഞുനിൽക്കാതെ
കതകടയ്ക്കാതെ ശകുനം നോക്കാതെ
നീ പെട്ടെന്നിറങ്ങിപ്പോന്നു.
തൃഷ്ണകൾക്കും തൃഷ്ണയായ തൃഷ്ണതേടി[1]
കണ്ണിന്റെ കണ്ണിനും കണ്ണായ കണ്ണ് തേടി.[2]
ലിംഗത്തുമ്പിലെ നെന്മണി
ഏതു പാടത്തേക്കെന്ന് തേടി
രാജ്യങ്ങളിലൂടെ രാജ്യം തേടി
പോയ പിതൃഗൃഹംതേടി
നീ പെട്ടെന്നിറങ്ങിപ്പോന്നു.

വെളിച്ചം നശിക്കട്ടെ എന്നു കണ്ണിൽ വിഷം കലക്കി,
വെള്ളം വറ്റട്ടേ എന്ന് ഞരമ്പിൽ തീകൊളുത്തി,
അവസാനസന്ധ്യയായെന്നോർത്ത്,
ആനന്ദൻ, നീ പെട്ടെന്നിറങ്ങിപ്പോന്നു.
ഞങ്ങൾക്കറിയാമായിരുന്നു നീ വരുമെന്ന്.
ഇതെന്താണ്, നിന്റെ പിൻനിഴലിന്റെ
10000 കെ.വി. മൗനത്തിൽ
ഏതു പുത്തൻ സന്ദേശമാണ്, വാളാണ്.
നീ മറച്ചിരിക്കുന്നതു?

നിന്റേതൊരു ബിസിനസ് യാത്രയുടെ അന്ത്യമാണ്,
പക്ഷേ, ആനന്ദൻ, ഇതു് ആ പഴയ ഉൾനാടല്ല
നീ തേടി വന്ന വാഴക്കുല ഈ മുറ്റത്തില്ല
ഏലവും കുന്തിരിക്കവും വളപ്പിലില്ല
നായാടിവന്ന പേടമാൻ ഈ അടിവാരത്തിലില്ല
നിന്റെ പീലിക്കെട്ടിന് തരാൻ
ഇനി ഞങ്ങൾക്കു കണ്ണില്ല
മഞ്ഞപ്പട്ടിന് നിറംകൂട്ടാൻ മഞ്ജയില്ല
മാലചാർത്താൻ തലയോട്ടിയില്ല
താണ്ഡവത്തിന് ഈ നെഞ്ചുകളില്ല.
ആനന്ദൻ, നീ കേട്ടിട്ടുണ്ടാവില്ല:

ഇപ്പോൾ ഈ ഗ്രാമത്തിൽ
കയറൂരിപ്പോയ ഒരു പോരൻ കാളയും
ദാസ്യം മറന്ന ഒരു പേപ്പട്ടിയും ഊരു ചുറ്റുന്നുണ്ട്.
ഇരുകയ്യിലും വാളുള്ള ഒരു കാട്ടുപോത്ത്
ഉഴവുകളിലൂടെ നിന്റെ നേർക്ക് പാഞ്ഞുവരുന്നുണ്ട്.
ഈ വഴിയിലെവിടെയോ ഭാരം ചുമക്കാത്തവരെ
കല്ലെറിയുന്ന ഒരു ഭ്രാന്തനുണ്ട്.
ഇവയുടെ ഉച്ചിയിൽ നെരിപ്പോടുണ്ട്,
ഉടലിൽ ചുഴലിയുണ്ട്
പാദങ്ങൾ ഇതേ മണ്ണിൽതന്നെയുണ്ട്,
നിന്റെ വേദംകൊണ്ടു തളയ്ക്കാനാവാത്തവ.

ആനന്ദൻ, നിങ്ങൾ ആനന്ദന്മാർ,
കഴുമരങ്ങളും ഗോപുരങ്ങളുംപോലെ, ഒരേസമയം
ഞങ്ങൾക്കടുത്തും അകലെയുമാണ്.
പണ്ടും ഇന്നുംപോലെ,
അഭിമുഖമായ ഈ നിലപോലെ.
ഞങ്ങളുടെ വിശപ്പിൽ, കണ്ണുനീരിൽ,
നിന്റെ പതിനാറായിരത്തെട്ടു പാപിക്കുട്ടിമാരിൽ
വിയറ്റ്നാമിന്റെ മുകളിൽ തുറന്ന മൂന്നാംകണ്ണിൽ,
എവിടെയും നിങ്ങൾ ആനന്ദന്മാരാണ്.
ആനന്ദൻ, നീ മറന്നുപോയിട്ടുണ്ടാവും:
ഇവിടടുത്താണ് സത്യലോകം.

ഈ ഒരടി മണ്ണു മാറ്റുക,
നിലവറയിലേക്കുണർന്നു നോക്കുക:

ഇവിടെത്തന്നെ കാണാം:
വെടിയേറ്റു ചിതറിപ്പോയ ഗാന്ധിയുടെ ഓരോ തുണ്ടും
ഓരോ വെള്ളപ്രേതമായിത്തുള്ളുന്നു.
പാലം കടക്കുമ്പോൾ ഒന്ന് മറ്റൊന്നിനെ
കായലിലേക്ക് തള്ളുന്നു.
ഇരുണ്ട കവലയിലെത്തുമ്പോൾ
ഒന്ന് മറ്റൊന്നിനെ ഞെക്കിക്കൊല്ലുന്നു.
ഉറങ്ങിക്കിടക്കുന്ന മകളെ ബലാൽസംഗം ചെയ്യുന്നു.
തെറ്റിപ്പിറന്നവനെ പെട്ടിയിലടച്ച് പുഴയിലൊഴുക്കുന്നു.

ഒരടി ഒരടി ഒരടി മണ്ണുകൂടി മാറ്റുക;

ഇവിടെത്തന്നെ കാണാം:
ആനന്ദൻ, പിന്നെ നിന്റെ അനിയന്മാർ
എലികളായി രൂപംമാറി ധാന്യങ്ങൾ നശിപ്പിക്കുന്നു
ഇവിടെയും പ്ലേഗിന്റെ ഇരുട്ടു വീശുന്നു.
ഭീകരനായ ഒരു ചിലന്തിയായി
ഇവിടുത്തെ സ്കൂളിന്റെ മോന്തായത്തിൽ പറ്റിക്കൂടുന്നു
കുട്ടികളുടെ തലയിലേക്ക് നിരന്തരം മൂത്രിക്കുന്നു
കടും മഞ്ഞയിൽ രക്തവിഭ്രമമുള്ള രൂക്ഷപുഷ്പങ്ങളായി
തലച്ചോറ് വെളിയിലേക്ക് പൂത്തിറങ്ങുന്നു,
നിന്റെ ഭാഗ്യത്തിന്റെ ചൈത്രംപോലെ.

ഒരടി ഒരടി ഒരടി മണ്ണുകൂടി മാറ്റുക:

ഇവിടെത്തന്നെ കാണാം:
ചണ്ഡാലിയുടെ കിണറും പരുങ്ങുന്ന കാലടിയും.
ഞങ്ങളുടെ കോളനി
നിന്റെ ഈ ചതിനിറഞ്ഞ മൗനം

ഇവിടെത്തന്നെ കാണാം:
ഇസ്രായേൽ മക്കളുടെ കുരിശുകൾ
ഗോവർദ്ധനത്തിന്റെ കീഴിൽ ഞെരിഞ്ഞു-
പോയവരുടെ അസ്ഥിത്തറകൾ.
ഒരാളും കപ്പലോട്ടാത്ത ഒരു കടൽ.
അതിനുള്ളിലെ കരിമ്പാറകളിൽ
കൊക്കു കൂർപ്പിക്കുന്ന കഴുകന്മാരായി
ഞങ്ങളുടെ ദുഃഖവും വിശപ്പും പകയും.

ആനന്ദൻ,
ഇവിടെ എന്നും വർത്തമാനത്തിന്റെ പ്രളയം
നിന്റെ അരയാലിലയും പേടകവും
എന്നും വിദൂരഭൂതഭാവികളിൽ മാത്രം
നിന്റെ മുക്തിഗാഥ മരണത്തിലേക്കു മാത്രം.
ആരുടേയോ തേവാരത്തെ ഓട്ടക്കലങ്ങളിലൂടെ
ഞങ്ങൾ തേടുന്നതോ, ജീവിതത്തിലേക്കു മോചനം.

ഇപ്പോൾ നീ ഞങ്ങളിലേക്കു ചാടിവീണിരിക്കുന്നു
നീ ഇന്നും അളകനന്ദയിലെ അതേ കുറുനരിതന്നെ
മുകളിലത്തെ ചെളിയും കലക്കവും കണ്ട്
ഞങ്ങളുടെ തെളിമയിലേക്ക് നീ ചാടിവീണിരിക്കുന്നു
നിങ്ങൾ ആനന്ദന്മാർ എന്നും
ഇങ്ങനെതന്നെ ആയിരുന്നു.
ഇവിടുത്തെ ഈ വിരൂപികളുടെ ഗർഭത്തിൽ
പടനായകന്മാരുണ്ട്.
നിന്റെ പരമവീരചക്രങ്ങൾക്കു
കൊരുക്കാനാകാത്തവർ
തിരുനെറ്റിയിൽ ചോപ്പൻ നക്ഷത്രമുള്ളവർ
അവർ വരും.

---

1. ഹരിനാമകീർത്തനം.
2. ബൈബിളിലും കാരമസോവ് സഹോദരന്മാരിലും ആവർത്തിച്ചു വരുന്ന മിഥ്യ.

അന്യായിന്റെ



പറയാത്ത പ്രിയവാക്ക്
കെട്ടിക്കിടന്നെന്റെ
നാവു കയ്ക്കുന്നു.
പോകാത്ത നേർവഴികൾ
ചുറ്റിപ്പിണഞ്ഞെന്റെ
കാൽ കനക്കുന്നു.
ചൊരിയാത്ത വെട്ടങ്ങൾ
മൂടിക്കിടന്നെന്റെ
കണ്ണു മങ്ങുന്നു.
തെളിരുചികളെല്ലാം കലങ്ങുന്നു
ചിരിവർണമൊക്കെയും
കെട്ടുമായുന്നു.

കെട്ടുമായുന്നു
മുദ്രതാളങ്ങളറിയും വിരലുകൾ
നൃത്തവേഗങ്ങളറിയും കഴലുകൾ.
കെട്ടുമായുന്നു കളിവീട്
കെട്ടുമായുന്നു
കയിലിനെച്ചൊടിപ്പിച്ച്
കൂവും കുറുമ്പന്റെ
ചൊടിയെഴും കുവലിൻ നീളം
നെടുമണൽപ്പാതയായ് മാറത്ത്
ചൂടിക്കുളിർന്നിടുമെള്ളുകണ്ടങ്ങൾ.
കെട്ടുമായുന്നു നാട്ടുപാഠങ്ങൾ
കെട്ടുമായുന്നു നാടൻഗുരുക്കൾ.

അലസം, ഉദാസീനം,
നാടു കാണാൻ വരും
ഇക്കടൽക്കാറ്റ് മരണമാകുന്നു.

അനുനിമിഷമീയറിവുമായ്
ഓരോരോ കണമായ് നിരന്തരം
താണ്ഡവതരംഗമാം ജടമാഞ്ഞ്
കല മാഞ്ഞ്
തീമിഴികൾ മാ,ഞ്ഞസംസ്കൃത-
മാദികൽത്തുണ്ടായ്
കെട്ടുമായുന്നു നടരാജൻ,
കെട്ടുമായുന്നു ചിദംബരം.
പാണ്ഡവരഥങ്ങൾ, ഗുഹക്കോവിൽ,
പാറമേലൊരുനുള്ളു
മൺതരി പുലരുംതടം—അതിൻകയം
ഏകാന്തയാഗമായ്
പൂക്കുന്ന തത്വവും കെട്ടുമായുന്നു,
കെട്ടുമായുന്നു മഹാബലിപുരം.
ഇത്തിരിപ്പൂക്കൾ, ചുവന്ന ബോധങ്ങളും,
കെട്ടുമായുന്നു മായുന്ന തൃച്ചംബരം.
കെട്ടുമായുന്നു കയ്യൂർ,
കെട്ടുമായുന്നു നവഖലി, അതിവേഗം
കെട്ടുമായുന്നു ഭോപാൽ.

കൺ, മൂക്ക്, ധീരചിഹ്നങ്ങളും
നിശിതായുധങ്ങളും
വീരകർമ്മങ്ങളും
ധർമ്മവ്രതങ്ങളും
കെട്ടുമാഞ്ഞ് പുരാതന-
മഹാശില്പങ്ങൾ വെറും ശിലയായി,
ഞാനായി.

വാക്കുമർത്ഥവും ജടായു-
ച്ചിറകും മുറിപ്പെട്ട്
ലിഖിതങ്ങൾ വെറും
ശിലയായി
ഞാനായി.

പിന്നെ—
പോകാതെയായ് ഞാനെവിടെയും.
അച്ഛനോടൊത്ത് പാടത്തോ
അമ്മയോടൊത്ത് കാവിലോ
കൂട്ടുകാരൊത്ത് സാഹസശൃംഗത്തിലോ
വീടരോടൊത്ത് ലയകലഹങ്ങൾതൻ
നഗ്നനേരത്തിലോ.
പോകാതെയായ് ഞാ-
നകത്തേക്കോ
പുറത്തേക്കോ.
കെട്ടുമായുന്നു മൈത്രികൾ, സൽക്കാര-
വാക്കിലേറുന്ന നാറും പുകച്ചുവ.
വല്മീകമല്ലെന്റെയുടൽമൂടി വളരുന്നു
ഞാനെന്ന കൽക്കൂട്
ഞാനെന്ന നഗരം
ഞാനെന്ന ഞാനെന്ന
യുവവൃദ്ധകാലം, ചോര-
കയ്ക്കുന്ന കൂരിരുൾ ബ്രഹ്മം.

അകപുറങ്ങൾതന്നേറ്റവു-
മാകുലമായ കലക്കമാകുന്നു ഞാൻ.
ഞാനെന്റെ ദംഷ്ടകൾ
ഉറങ്ങുന്നതിൻമു-
മ്പെടുത്തു മാറ്റുന്നു
കഴുകുന്നു വായ.

പിന്നെ
വഴികളെല്ലാം നിറഞ്ഞെത്തുന്നു
മക്കളില്ലാത്ത വീടിന്റെ മൗനം.
പൊരുളുദിക്കാതെ
തളരുമിരുളിലെ ശ്ലഥധ്യാനം.
തെളിമ ദാഹിച്ച് പൂന്താനപാനം.

പിന്നെയത്ഭുതം!
ഒഴുക്കാവാതെ
ഒഴുക്കിനൊപ്പമാവാതെ
ഒഴുക്കിനെതിരുമാവാതെ
മനസ്സ് വാക്കാകാതെ,
വേരുകൾ ശിഖരങ്ങൾ
മണൽ മധുരങ്ങൾ
കൊഴിയലുകളുലയലുകളെല്ലാമെങ്ങനെ
ശുദ്ധമാക്കുന്നു ഞാൻ!
എങ്ങനെയൊരു തീരശ്ശിലാ-
കൂടമാകുന്നു ഞാൻ!

എങ്ങനെ
മീനച്ചൂടിന്റെ മൂർത്തിയാകുന്നു ഞാൻ!
മിഥുനക്കുളിരിന്റെ ചുളിവാകുന്നു!
എങ്ങനെ
കൊടുങ്കാറ്റിന്റെ
പെരുമ്പറ,
തുള്ളിക്കളിക്കും കുഞ്ഞാടിന്
കളിയാനതൻ മുതുക്,
ദൂരങ്ങൾ കാട്ടിത്തരും വാത്സല്യത്തിന്റെ
കൊടുമുടി,യാകുന്നു ഞാൻ!

ചുഴിഞ്ഞുനോക്കുന്നവർ-
ക്കനന്തമാകാരനിക്ഷേപം.[3]
കഥകളോർക്കുന്നവർ-
ക്കെന്നും കരളുദിച്ചീടും
ധീരമാനുഷസ്തൂപം.[4]

പിന്നെ-
പുലരുന്നതിന്നേറെമുമ്പാരോ
പടികടന്നെത്തുന്നു
മൂഢം കിനാവോ
പുലർച്ചവണ്ടിക്കു വന്ന
പൂർവകാലത്തെ മിത്രം സഖാവോ.
പടി കടന്നെത്തുന്നു
പീഠത്തിലമരുന്നു
സിഗരറ്റിലെരിയുന്നു, ലോക-
പരിഹാസമൂർച്ഛയിൽ സ്ഖലിതനാകുന്നു,
സുഖവേഷധാരിയാം തോൽവി.

അവനോട്
പറയാത്ത തെറിവാക്ക്
കെട്ടിക്കിടന്നെന്റെ
നാവ് പൊള്ളുന്നു.

---

3. ജീവചരിത്രത്തിലെ വ്യക്തിത്വബഹുത്വം.
4. പ്രൊമെഥ്യൂസ്.

പല പോസിലുള്ള ഫോട്ടോകൾ

സാറിനെപ്പോലുള്ളവരുടെ
പല പോസിലുള്ള ഫോട്ടോകൾ
വേണം സാർ.
ചാഞ്ഞും ചരിഞ്ഞും
നിന്നും നടന്നുമുള്ളവ.
ചിരിച്ചും ചിന്തിച്ചും വരച്ചും മിഴിച്ചും
വലിച്ചും വായിച്ചും എഴുതിയുമുള്ളവ.
ഇണയെ, മക്കളെ,
ഇനി വേർപിരിയാനാവാത്ത
ശത്രുസഖാക്കളെ
വാരിപ്പുണരുന്നവ.
അടുത്തും അകന്നുമുള്ള പല പോസിലുള്ള
ഫോട്ടോകൾ വേണം സാർ.

ഇന്ന് പിറന്ന കുഞ്ഞിന്റെ മുന്നിലോ
കൊനാരക്കിലോ
ബേലൂരിലോ
ചുടലത്തീയുടെ അരികിലോ നിന്ന്,
“മരിക്കാത്തതെന്തുള്ളൂ മനസ്സേ”
എന്നു പൊള്ളുന്ന,
അകം കലങ്ങി
ആഴം വളർന്ന്
അകലെ ലക്ഷ്യം തെളിഞ്ഞ്
തടം തല്ലി നിറഞ്ഞൊഴുകുന്ന,
നാട്ട് നേടാൻ മഴ ചുഴറ്റുന്ന,
ജാഥ നയിക്കുന്ന
കല്യാണത്തിന് കൈ കുലുക്കുന്ന
വിജയത്തിന് വണങ്ങുന്ന
ഇഷ്ടകർമ്മങ്ങളിൽ പൂത്തുലയുന്ന
വ്യർത്ഥഭാരങ്ങളിൽ വീർപ്പുമുട്ടുന്ന
പല പോസിലുള്ള
ഫോട്ടോകൾ വേണം സാർ.

നമ്മെ കണ്ടിട്ടില്ലാത്തവരും
നിരന്തരം കാണുന്നവരും
നാം തന്നെയും
കാണട്ടെ:
ഋതുക്കളിലൂടെ നാം
എന്താടുന്നു പാടുന്നു എന്ന്.
അവതാരങ്ങളിലൂടെ നാം
എന്ത് സൃഷ്ടിക്കുന്നു
സംഹരിക്കുന്നു എന്ന്.
ആളുകൾ കണ്ടുകണ്ടാണ് സർ
കടലുകൾ ഇത്ര വലുതായത്
പുഴകൾ ഇതിഹാസങ്ങളായത്.

രണ്ട്

ഫോട്ടോ എടുത്തെടുത്ത്
തന്റെ മുഖം തേഞ്ഞുപോയി എന്ന്
വൈക്കം മുഹമ്മദ് ബഷീർ ദുഃഖിക്കുന്നു.
പക്ഷേ, ഒന്നോർക്കണം സാർ,
അതേ വിദ്യകൊണ്ട് തുടുത്തുദിച്ചവരാണ്
നമ്മുടെ നേതൃതാരങ്ങൾ.
അറിയാത്തമസ്സിൽനിന്ന്
ആരും തൊഴുന്ന ജ്യോതിസ്സിലേക്ക് ജയിച്ചവർ.
അധികഫോട്ടോ അധികജ്യോതിസ്സ്
എന്നാണ് സർ.

ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല സർ
ഒരു ജന്മത്തിന്റേയും സത്യം.
ഒരിക്കലെങ്കിലും
ഒരു ഫ്ലാഷിൽ കുളിച്ചിട്ടില്ലാത്തവർ,
ഒരാൾക്കൂട്ട ഫോട്ടോവിൽപോലും
പെട്ടിട്ടില്ലാത്തവർ,
കോടാനുകോടികൾ,
ജനിച്ചിട്ടേയില്ലാത്തതിന് തുല്യം
അവരുടെ ജന്മം
അരൂപ തിമിരവിസ്താരം.

മൂന്ന്

“ക്യാമറയെ നോക്കുമ്പോൾ
എനിക്ക്
എന്തിനെന്നില്ലാത്ത വേവലാതി.
അതിന്റെ
നാക്കും മൂക്കും
കാതുമെല്ലാമായ
ഒറ്റക്കണ്ണ്,
ലോകപ്രവാഹത്തിന്റെ
സൂര്യരൂപമായ ചുഴി,
അതിന്റെ കേന്ദ്രത്തിൽ
ഒരു ഇരുൾ തുരങ്കം,
അതിൽ
ഉറഞ്ഞുതുള്ളുന്ന
ക്രൂരയായ ലോകദ്രോഹവിചാരക...

ക്യാമറയിലേക്ക് നോക്കുമ്പോൾ
എന്റെ കണ്ണ്
എന്റെ കണ്ണിലേക്കു വരാതെ മാറുന്നു.
ചുണ്ട്
ചുണ്ടിലേക്ക് വിടരാതെ കൊഴിയുന്നു.
മറ്റാരുടേയോ
ചെവിയെടുത്തുവെച്ചതുപൊലെ
ചെവി
ചേരാതെ ചൊറിയുന്നു.
ഒരീച്ച വന്നിരുന്ന്
മൂക്ക്
പാതാളത്തിലേക്ക്
ചവിട്ടിത്താഴ്ത്തുന്നു.
ഒന്നിനെത്തന്നെ നോക്കിയിരിക്കുമ്പോൾ ഞാൻ
അനേകരായി പൊട്ടിപ്പിരിയുന്നു.
പുഴയുടെ ഒരുമ വേണ്ടപ്പോൾ ഞാൻ
മഴയുടെ ചിതറലാവുന്നു.”

നാല്

താങ്ക്യു സർ.
കുറേക്കൂടി വേണം സർ.
വെയിൽപരപ്പിൽ
ഒരേയൊരു തണൽമരമായി
ഇരുൾതീരത്ത് ദീപസ്തംഭമായി
ഊട്ടിയിലോ കാശ്മീരിലോ
പുതുപൂവുമായി,
പുറമേക്ക് ലെനിനായി
പൂജാമുറിയിൽ പൂന്താനമായി
എഴുന്നെള്ളിപ്പിൽ തിടമ്പായി
കൊമ്പായി
തുമ്പിയായി,
തർക്കാന്ധതയിൽ
ലോകത്തെ തളച്ചിടാൻ
വേണം സർ
പല പോസിലുള്ള ഫോട്ടോകൾ.

ശ്രാവസ്തി

(കുമാരനാശാന്)

എല്ലാം കത്തിയെരിയുകയായിരുന്നു
അതാതിന്റെ നിറമുള്ള തീയിൽ
ഏത് പിറവിയും വിറകാക്കുകയായിരുന്നു
തൃഷ്ണ, ഗൗതമൻ കാണുമ്പോൾ.

വെന്തെരിയുകയായിരുന്നു
ലോകജ്വാലയിൽ ആനന്ദഭിക്ഷു,
കാലിൽ വീണ നിഴലിലോ
കൈക്കുമ്പിളിലെ വെള്ളത്തിലോ
പെണ്ണിന്റെ കണ്ണിലോ
ഉടലിന്റെ വിളിയിലോ
തന്നെത്തന്നെ കാണുമ്പോഴെല്ലാം.

നൃത്തമുണ്ട് ആ ഉടലിൽ

ദാഹഭ്രാന്തിനിന്ന് ശരണമായത്
മാതംഗി ചൊരിഞ്ഞ തണ്ണീരിലെ പെൺകുളിര്.
ഉടുത്ത് കെട്ടിയ ആ തുടുപാള
അതിൽ തൊട്ട തുടുത്ത വിരലുകൾ
മേലേക്ക് പടരും ഉരുൾക്കൈകൾ
മേലേക്ക് മേലേക്ക് വിടരും തീത്തളിരുകൾ.

ശമിച്ചോ ദാഹം?

മുന്നിലെപ്പോഴും അവൾ.
ബോധത്തിലും അബോധത്തിലും അവൾ.

ആഴത്തണലായ തണ്ണീരായും
തൃഷിത സ്വർഗ്ഗമായും അവൾ.
ഇന്നെനിക്ക് തണൽ
അവൾ ചാരി നിൽക്കുന്ന സ്വപ്നവാക.
കിണറും മരവും പോലെ
ശ്രാവസ്തിയുടെ മണ്ണിലാണ്ട്
അവളുടെ ജന്മനില.

നൃത്തമുണ്ട് ആ ഉടലിൽ,
ആടാതെ.
പാട്ടുണ്ട് ആ ചുണ്ടിൽ,
പാടാതെ.
പ്രേമമുണ്ട് ആ കണ്ണിൽ,
പെയ്യാതെ.
കാമമുണ്ടവളിൽ,
ആളാതെ.
ഉച്ചച്ചെറുകാറ്റുണ്ടവളിൽ,
വീശാതെ.
രാവ് രാവ് കുളിരാൻ കഥയുണ്ടവളിൽ,
പറയാതെ.
നെടുവീർപ്പിൽ ഓളമുണർന്ന്
ശ്യാമസുന്ദരിയുടെ നിറകടം;
തുളുമ്പാതെ.

നട്ടുനനച്ച് വളർത്താൻ തോട്ടമോ
പരിചരിക്കാൻ തോഴിമാരോ
പരിഹസിപ്പിക്കാൻ കരിവണ്ടോ
ഇല്ലവൾക്ക്,
ജന്മത്തിന്റെ ഒറ്റമരക്കാട്ടിൽ.

ഉലയുന്നു വാകത്തണലിൽ
നട്ടുച്ചയുടെ കുളിർവ്യാസം?
ചിതറുന്നു ധ്യാനശ്രമം.
മനസ്സിലലയുന്നു മേഘനിഴലായൊരൊന്നിലുമുറയ്ക്കായ്ക്ക.

പറന്നോ
പറഞ്ഞോ
നിലം വിട്ടുയരാനാവാതെ
വീണ് കിടക്കുന്നു വെയിലിൽ

പോയ പക്ഷിയുടെ തൂവൽ,
ശ്രാവസ്തിയുടെ മൂകത.

എരിക്കുന്നു ധ്രുവങ്ങളെ
മനസ്സിലെ കാമകാന്തം,
ആ നോട്ടത്തിലെ ഗൂഢ വൈദ്യുതി.

പ്രേമംവിഴുങ്ങി ആനന്ദൻ

“ഞാൻ ആനന്ദൻ.”

ജാതിഭാരത്താൽ
വാക്ക് കുനിയാതിരിക്കാൻ മാതംഗി
മനസ്സ് നിവർത്തിനിന്ന് ചോദിച്ചു,

“എന്തിലാണ് നിന്റെ ആനന്ദം?”
“ധർമ്മത്തിൽ.”
“തണ്ണീരിലല്ലേ?”

“അനുരാഗത്തിൽ” എന്ന് പറയാനാവാതെ
ഭിക്ഷു അവളെത്തന്നെ നോക്കിനിന്നു,
അവളിലാണ്ട്;
അവളിലെരിഞ്ഞ്.

“നിന്റെ വ്യസനമോ?”
“മനസ്സ് വെള്ളപ്പുകയായ്
കാറ്റിൽക്കാറ്റിൽ; ചിന്നിപ്പോവുന്ന
അവ്യക്തതയിൽ; അകൽച്ചയിൽ.”
“ഫെമിനിസ്റ്റോ നീ?”
“ഹ്യൂമനിസ്റ്റ്.”
“സ്വയം പീഡനമാണോ
ജ്ഞാനോദയത്തിലേക്കുള്ള വഴി?”
“അല്ല. സ്വയം നവീകരണം.”
“കുടുംബമുണ്ടോ?”
“ചരാചര കുടുംബം.”
“സന്യാസി?”
“പരിവ്രാജകൻ.”

“ഗുരു എവിടെ?”
“പലരിൽ
പലതിൽ
പലേടത്ത്.
ഉടൽ തകർന്ന് ബാമിയാനിൽ
ജനധനമായി ബീജിംഗിൽ
പ്രവാസി ടിബറ്റനായി ദില്ലിയിൽ
ആക്ടിവിസ്റ്റായി ശ്രീലങ്കയിൽ
നിഷ്കളങ്ക കാരുണ്യമായി എല്ലാവരിലും...”

“ജാതിയിൽ, ആണായതിൽ
ആനന്ദം തോന്നിയിട്ടുണ്ടോ?”
“സമതയിലാണ് ആനന്ദം.”

“കമ്യൂണിസ്റ്റ്?”
“ബുദ്ധിസ്റ്റ്”

“പെണ്ണിലോ പ്രണയത്തിലോ
ആനന്ദമുണർന്നിട്ടില്ലേ?”

കിണറിന്റെ ആഴിവെട്ടത്തിലേക്ക് നോക്കി,
അവിടെ ഒരു കരിക്കട്ടയായ്
തന്നെക്കണ്ടത് മറച്ച്,
ആനന്ദൻ കുനിഞ്ഞുനിന്നു.
മുങ്ങാതെ മുങ്ങി;
കത്താതെ കത്തി.
“എന്തൊരാഴം ശ്രാവസ്തിയുടെ
വിശുദ്ധിക്ക്!” ചിന്നഭിക്ഷു
ചിരിക്കാൻ ശ്രമിച്ചു.

“തത്ത്വഭീരു.
പ്രേമംവിഴുങ്ങി.” അവൾ വിചാരിച്ചു.

പ്രലോഭനം

സന്ദർഭത്തിന്റെ സൗന്ദര്യവും
സാദ്ധ്യതയും കണ്ട് ചിരിച്ച്
കൗശലക്കാരനായ സർപ്പം,
വ്യാഖ്യാനപടു,
മദ്ധ്യസ്ഥപ്രതിഭ,
ഫ്രോയ്ഡിയൻ പൂഞ്ചില്ലയിലിരുന്ന്
പാടിപ്പറഞ്ഞു,

“തിന്നു നോക്കൂ
തിന്നു നോക്കൂ
ഈ ഈ ഈ
ലോകക്കനി.
പിന്നെ നോക്കൂ
ആ ആ ആ
ധർമ്മക്കനി.”

ചിന്നഭിക്ഷു മനസ്സാ മിത്ത്രം മിഥ്യയും കണ്ടു.
‘തൃഷ്ണ തൃഷ്ണ’ എന്ന് പഠിച്ചതോർത്തു.

വെയിൽ മങ്ങി
ചൂടൊതുങ്ങി
എന്ന് ജപിച്ചെണീറ്റ് യുവഭിക്ഷു
മാതംഗിയോട്ട് പറഞ്ഞു.

“പുണ്യശാലിനി നീ പകർന്ന തണ്ണീർ
എന്റെ ചുണ്ടിനും നാവിനും
ആത്മാവിനും സുകൃതം, അമൃതം.
ക്യാമറ ഉണ്ടായിരുന്നെങ്കിൽ
നിന്റെ കുറേ ഫോട്ടോ ഞാനെടുത്തേനേ.
തനിച്ചിരിക്കുമ്പോൾ കണ്ടിരിക്കാലോ
ആ തിരകളും ജ്വാലകളും എന്നെന്നും.”

ചുംബനങ്ങൾ വിഴുങ്ങി
ആലിംഗനങ്ങൾ ഉള്ളിൽച്ചുറ്റി
തന്നെ തന്നിലമർത്തി
പെണ്ണിനെ അനുഗ്രഹിച്ച് തളർത്തി,

മുന്നിലെ ഒറ്റയടിപ്പാതയിൽ
കണ്ണെത്തും ദൂരം വരെ മേയുന്ന
ദൂരക്കൂട്ടങ്ങളെ നോക്കി
യുവയോഗി കഠിനമൗനത്തിൽ
പിന്നെയും പിന്നെയും തന്നെപ്പൊതിഞ്ഞ്,
“ഞാനും വരട്ടെയോ നിന്റെ കൂടെ?
സമതയുടെ ആനന്ദത്തിലേക്ക്?”
എന്നവൾ ചോദിച്ചത്
ആൺബാധിര്യത്തിലാഴ്ത്തി,

ദാഹസാഗരം കടന്നോ
കടന്നില്ലയോ
എന്ന്
മറന്ന്
നടന്ന്
അകന്ന്
മറഞ്ഞു.

സഖാവ് ബലരാമന്റെ കൊലയാളി



പാർട്ടി പറഞ്ഞത് ചെയ്യാൻ പുറപ്പെട്ടു
സഖാവ് ബലരാമനും കൂട്ടരും
കിഴക്കു കിഴക്ക്
കോരപുരത്തേക്ക്.

ചുവടുകൾ വഴി നട്ടു
വഴി ദൂരം നട്ടു
ദൂരം പാട്ടും കഥയും നട്ടു.

നിറഞ്ഞ പുഴ നീർക്കാടു പോലെ
ഉലയുന്നതും കണ്ട്
ഇഹനെക്കാത്ത് നില്ക്കുമ്പോൾ
ഓർക്കാപ്പുറത്തൊരു കാഴ്ച:
കുത്തൊഴുക്കിൽപ്പെട്ട വട്ടത്തോണിയിൽ
സർ സി.പി.യും
പടത്തലവൻ വൈദ്യനാഥയ്യരും.
സഖാവിനേം കൂട്ടരേം കണ്ടതും സർ സി.പി:
വൈത്തീ, ഫയർ.
'തോക്കിനാവില്ല സാമീ തോല്പിക്കാനിവരെ.
വയലാറിലെ സ്വപ്നപ്പാവങ്ങളല്ലിവർ.'

പുഴ കടന്ന്
കാട് കടന്ന്
കെട്ടുപോയ അടുപ്പുകളും
കോടമഞ്ഞും വേട്ടക്കഥകളും കടന്ന്
പൂഴിച്ചുഴലികൾ കടന്ന്
സഖാവും കൂട്ടരുമെത്തി
കോരപുരത്തെ തരിശുകാലത്തിൽ.

കലപ്പച്ചാലിൽ
ഇളകി വന്ന തലയോട്ടികൾ
കൈ കാൽ കലം ചട്ടികൾ
അലമുറകളും ചങ്ങലകളും;
മോചനമുറയ്ക്കാൻ
ഉയിരോടെ മൂടപ്പെട്ടവരുടെ
കുഴിമാടം തുറന്ന പോലെ.

മണൽജട ആളിച്ച് മണൽക്കാറ്റ്
മരുഭൂതമായ് മൂടാൻ വന്നു
കയ്യു പൂട്ടാൻ
കാലു പൂട്ടാൻ
ഇരുൾപ്രളയമായ് വന്നു
കണ്ണു കെട്ടാൻ

തരിശ് വാഴും ദുർഭൂതങ്ങൾ.

വിശ്വാസം എതിർബലമാക്കി
രാപകലുകളിൽ നീരോട്ടം കൂട്ടി
മഴ പെയ്യിച്ചു
പുഴയൊരുക്കി
തളിരാട്ടം കൂട്ടി
കതിരാട്ടം കൂട്ടി
ബുദ്ധനിലാവ് വളർന്ന
ബോധം വിളയിച്ചു,
സഖാവും കൂട്ടരും.

രണ്ട്

പല രാവ് കഴിഞ്ഞൊരു രാവ്.
പാർട്ടിയാപ്പീസിലെത്തി സഖാവ്.
പറഞ്ഞു ദൗത്യവിജയം.

നേതാവിന്റെ പത്തിക്കണ്ണിൽ
അവിശ്വാസം
ക്രോധം.
ചർച്ചക്കാട്ട് സർപ്പക്കാടായി;
കോപക്കൊത്ത്, വിഷം ചീറ്റൽ,
'സഖാവിനെയൊരു
മനോരോഗവിദഗ്ധനെക്കാണിക്കൂ'
എന്ന് കല്പിക്കൽ.

സഖാവിനു തല പൊള്ളി.
പാർട്ടിയാപ്പീസിന്റെ ചുവരിൽ
മാർക്സ് മാഞ്ഞു തെളിഞ്ഞ കുമ്മായത്തിൽ
തെളിയുന്നതായ് തോന്നി സഖാവിന്:
'അന്ധരെ അന്ധർ നയിക്കുന്ന'
ബ്രൂഗൽച്ചിത്രം.
തിരിച്ചു നടക്കുന്ന ചരിത്രം.

തോൽവിപർവതം കുടയാക്കിയോ
സഖാവ് നടന്നു പെരുമഴയിലേക്ക്?

ചുവടുകൾ അകലം നട്ടു.

കവലയിലെ ഇരുട്ടിൽ
അപ്പോഴും നില്പുണ്ട് കോരൻ.
കടത്തിണ്ണയിൽ ഇരുൾബീഡി
തെറുത്തിരിക്കുന്നുണ്ടൊരു നിഴൽ.
മില്ലിലെ പുകക്കുരുക്കിൽ
ശ്വാസത്തിനു പിടയുന്നുണ്ടൊരു നിഴൽ.
വള്ളത്തിലേക്ക് മണൽക്കൊട്ട മറിച്ച്
ആറ്റിൻവെട്ടത്തിൽ
മുങ്ങി നിവരുന്നുണ്ടൊരു നിഴൽ.
ജന്മം കാലിക്കുമ്പിളായൊരു നിഴൽ.

വൈക്കംകായൽ കടന്നു സഖാവ്.

തെങ്ങിൻതോപ്പ്.
തെളിവായു.
തെളിഞ്ഞു കേട്ടു ബലരാമൻ
കുഞ്ഞുന്നാളിലെപ്പോലെ
വെള്ളയ്ക്കു കൊഴിയുന്ന ശബ്ദം.
രാത്രിയിലെ വഴിച്ചാൽ വീണ്ടും
സ്ലേറ്റിലെ ചോക്കുവര.
സഖാവിന്റെ കൂരയിലേക്ക്
വഴി തിരിയുന്ന വളവിൽ
ഒളിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു ഭാവി
പത്തി വിടർത്തി
കത്തി നിവർത്തി.

സഖാവ് വീണു.
വീഴലിൽ വള്ളിച്ചെരിപ്പുകൾ
തോട്ടിലേക്കിറങ്ങിപ്പോയി;
യാത്ര തീരാതെ.

രണ്ടു മഴകൾക്കിടയിലെ ചെറുമൻനിലാവ്
ശരീരത്തിനു കൂട്ടു നിന്നു.
പാർട്ടിയുറയ്ക്കാൻ
കായലിൽ ബലിയായവർ
കാറ്റായും മഴയായും ആർത്തലച്ചു വന്നു.
ഇന്നു വീണ ചോരയെ ചെറുമഴ
ഇന്നലെ വീണ ചോരയോടിണക്കി.

തീണ്ടിയ വിഷം ഭാവിയുടേതാണ്
എന്ന മരണമൊഴി,
കഠാര കടന്ന മുറിവാണ് കൊന്നത്
എന്ന പോസ്റ്റ്മോർട്ടം രേഖ,
എല്ലാം വെറും മാധ്യമസൃഷ്ടിയെന്ന്
പണ്ടേ സഖാവ് ഏദ്രോഗിയെന്ന്
ചോര ഛർദ്ദിച്ച് ഒരു യുഗം
അവസാനിച്ചെന്ന് നേതാവ്
ആരു മരിച്ചാലും മരിക്കാത്തത്
പാർട്ടി മാത്രമെന്നും നേതാവ്.

ട്രോട്സ്കിയെ കൊന്ന പിക്കാക്സിൽ

സ്റ്റാലിന്റെ വിരലടയാളം തിരയരുതെന്ന് സ്റ്റാലിൻ
ശവമടക്കിനു ശേഷം,
അർഥങ്ങളുടെ വലിയ ചുഴികാട്ടിൽ.
ഭ്രാതൃഹത്യ എന്ന തീർപ്പ്
ചരിത്രത്തിന്റെ മതവായനയെന്ന് സ്റ്റാലിൻ.
ഒരു സഖാവിനാവില്ല കൊല്ലാൻ
മറ്റൊരു സഖാവിനെ എന്ന് സ്റ്റാലിൻ.
കായീന്റെ വംശക്കാരല്ല സഖാക്കളെന്നും സ്റ്റാലിൻ,
ഭാവിയുടെ വിഷപ്പല്ലിൽ തിരയരുത്
നേതാവിന്റെ വിരലടയാളം.
സ്റ്റാലിൻ കൂട്ടിച്ചേർത്തു.

പിന്നെ വന്ന മഴയിൽ
മിന്നുന്നതായി കഠാര.
ആരുടെ വിരൽപ്പാടുമില്ല
ചോര പുരണ്ടിട്ടേയില്ല
വേദഭേദങ്ങൾക്കിടയിൽ
വിടന്റെ ലിംഗം പോലെ
പരതിക്കൊണ്ടേയിരുന്നു അത്
പുതിയ ഉടൽ.

□

കെ ജി എസിനെക്കുറിച്ച് പി. പി. രാമചന്ദ്രൻ

കെ. ജി. എസ്.

മലയാളകവിതയിൽ ആധുനികതയെ അനുഭവപ്പെടുത്തിയവരിൽ കെ ജി എസ് വേറിട്ടുനിൽക്കുന്നു. ഭാഷയിലും ഭാവുകത്വത്തിലും ആധുനികതയ്ക്ക് തന്റേതായ ഒരു ഒറ്റയടിപ്പാത അദ്ദേഹം നടന്നുണ്ടാക്കി. സമകാലികരായ പലരും കവിതകൊണ്ട് സാമൂഹ്യാവസ്ഥയെ വിമർശിക്കുമ്പോൾ സ്വന്തം ജീവിതാവസ്ഥയുടെ ജനകീയവിചാരണകളായിരുന്നു കെ ജി എസ്സിന്റെ കവിത. വാക്കിന്റെ ശബ്ദഭംഗിയെ അല്ല അതിന്റെ ഉൾമുഴക്കത്തെയാണ് അദ്ദേഹം ശ്രദ്ധിച്ചതും പരിചരിച്ചതും. 'അതേ ചെരിനോട്ടക്കാക്കപ്പകൽ' എന്നിങ്ങനെ അപൂർവ്വമായ പദച്ചേർപ്പുകൾ കൊണ്ടും, 'നന്ന(ല്ല)ങ്ങാടി', 'ഭാരംപര്യം' എന്നിങ്ങനെ അർത്ഥഭേദത്തോടെ അക്ഷരച്ചേർപ്പുകൾ സൃഷ്ടിച്ചുകൊണ്ടും അദ്ദേഹം കാവ്യഭാഷയെ പുതുക്കിക്കൊണ്ടിരുന്നു. വാക്കിൽ കുറുകിയും പൊരുളിൽ കൂർത്തും ചിലപ്പോൾ കെ ജി എസ്സിന്റെ വരികൾ പഴഞ്ചൊൽവഴി തേട്ടുന്നതായും കാണാം (മുദ്രകളില്ലാതില്ല വിരൽ/വിത്തുകളില്ലാതില്ല വയൽ). ഭാഷണത്തിന്റെ നാടകീയതയും കെ ജി എസ്സിന്റെ കാവ്യശില്പത്തെ വ്യത്യസ്തമാക്കുന്നു.

പ്രധാന കൃതികൾ

- കെ ജി എസ്: കവിത
- കൊച്ചിയിലെ വൃക്ഷങ്ങൾ
- കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ
- കെ ജി എസ് കവിതകൾ
- ഓർമ്മ കൊണ്ട് തുറക്കാവുന്ന വാതിലുകൾ
- അതിനാൽ ഞാൻ ഭ്രാന്തനായില്ല
- സൈനികന്റെ പ്രേമലേഖനം
- അമ്മമാർ
- പൂക്കൈത
- ദൂരത്ത്
- മരിച്ചവരുടെ മേട്
- കെ. ജി. എസ്. കവിതയും ജീവിതവും
- POEMS, Ed. B. Kannempilli
- Trees of Kochi and other poems, Ed. EV Ramakrishnan
- Tiny Judges shall arrive, Ed. Aditya Shankar
- കൊച്ചി കാ ദെർഖത്, വിവ. എ. അരവിന്ദാക്ഷൻ
- കെ. ജി. ശങ്കരപ്പിള്ളയവര കവിതഗെളു (കന്നട), വിവ. തേർളി ശേഖർ
- കെ. ജി. ശങ്കരപ്പിള്ളയിൻ കവിതൈകൾ (തമിഴ്), വിവ. സിർപി ബാലസുബ്രഹ്മണ്യൻ
- പലാക്കൊട്ടൈതത്തുവം (തമിഴ്), വിവ. ജയമോഹൻ
- ഞാനെന്റെ എതിർകക്ഷി

അവാർഡുകൾ

പലത്

എൻ. അജയകുമാർ

എൻ. അജയകുമാർ

1960-ൽ കോട്ടയം ജില്ലയിലെ പുതുവേലിയിൽ ജനിച്ചു. അച്ഛൻ: പി. ഡി. നീലകണ്ഠൻ നമ്പൂതിരി. അമ്മ: എം. ഡി. ഉമാദേവി അന്തർജനം. മഹാരാജാസ് കോളേജിൽ നിന്ന് എം. എ. (1982), മദ്രാസ് സർവ്വകലാശാലയിൽ നിന്ന് എം. ഫിൽ. (1986), പിഎച്ച്. ഡി. (1992). കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല മലയാളവിഭാഗത്തിൽ പ്രൊഫസർ.

കൃതികൾ: ആധുനികത മലയാള കവിതയിൽ, കവിതയുടെ വഴികൾ, വാക്കിലെ നേരങ്ങൾ

ഭാര്യ: ജി. എസ്. ഗീതാകുമാരി

കാലിഗ്രഫി: എൻ. ഭട്ടതിരി

ചിത്രങ്ങൾ: വി. മോഹനൻ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വിതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014